**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3149** **29-10-2026-ൽ മറുപടിയ്ക്ക്**

**കേരളത്തിലെ മിച്ചഭൂമി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിൽ ഇപ്പോൾ മിച്ചഭൂമിയുണ്ടോ; എങ്കിൽ എവിടെല്ലാമാണ്;

**മറുപടി:** ഉണ്ട്. സംസ്ഥാനത്തൊട്ടാകെ 40760.67 ഹെക്ടർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ളതും അതിൽ 37738.1547 ഹെക്ടർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ളതുമാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.

**(ബി)** മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** കേരള ഭൂപരിഷ്കരണ നിയമം 1963 സെക്ഷൻ 96 പ്രകാരം കേരളത്തിലൊട്ടാകെ പതിവിന് അനുയോജ്യമായ 110 ഓളം ഹെക്ടർ ഭൂമി ഉണ്ട്. ആയത് ഭൂപരിധി ചട്ടങ്ങൾ 27 മുതൽ 31 വരെയുള്ള നടപടികൾ പാലിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ക്രമ നം. | ജില്ല | മിച്ചഭൂമിയായി പ്രഖ്യാപിച്ച (വിസ്തീർണ്ണം ഹെക്ടറിൽ) | ഏറ്റെടുത്ത മിച്ചഭൂമി (വിസ്തീർണ്ണം ഹെക്ടറിൽ) |
|---|---|---|---|
| **1** | തിരുവനന്തപുരം | **545.2588** | **531.9876** |
| **2** | കൊല്ലം | **920.1954** | **885.3985** |
| **3** | പത്തനംതിട്ട | **52.7238** | **37.6511** |
| **4** | ആലപ്പുഴ | **2246.5488** | **2204.8660** |
| **5** | കോട്ടയം | **1480.5837** | **1448.8648** |
| **6** | ഇടുക്കി | **3075.4092** | **2694.8970** |
| **7** | എറണാകുളം | **740.7271** | **638.0277** |
| **8** | തൃശ്ശൂർ | **1515.8510** | **1512.7885** |
| **9** | പാലക്കാട് | **7294.5988** | **7689.7057** |
| **10** | മലപ്പുറം | **4476.9706** | **3843.8293** |
| **11** | വയനാട് | **1753.8809** | **1394.9155** |
| **12** | കോഴിക്കോട് | **2314.3272** | **1683.4711** |
| **13** | കണ്ണൂർ | **7886.5175** | **7392.0183** |
| **14** | കാസറഗോഡ് | **5827.0775** | **5779.7337** |
| **ആകെ** | | **40760.67** | **37738.1547** |